മുദ്രകൾ

# ലാഹോറിൽ പാക്ജമാഅത്തിന്റെ ദേശീയ സമ്മേളനം




**2008** ഒക്ടോബർ 24 മുതൽ 26 വരെ ലാഹോറിൽ ചേർന്ന പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയുടെ ത്രിദിന ദേശീയ സമ്മേളനം ലോക ഇസ്‌ലാമിക പ്രസ്ഥാനനായകരുടെ സമീപകാലത്തെ ഏറ്റവും വലിയ ഒത്തുകൂടലിന് വേദിയായി. ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പാർലമെന്ററി പാർട്ടി നേതാവ് ഡോ. സഅ്ദ് കത്താതനി, തുനീഷ്യയിലെ അന്നഹ്ദ പാർട്ടി നേതാവ് റാശിദുൽ ഗനൂശി, മസ്ജിദുൽ അഖ്‌സ്വാ ഇമാം ഡോ. മുഹമ്മദ് സ്വിയാം ഖത്തീബ്, ജോർദാനിലെ ഇഖ്‌വാൻ കാര്യദർശി ഡോ. ഹമ്മാം സഈദ്, മുൻ കാര്യദർശികളായ അബ്ദുൽ മജീദ് ദനീബാത്ത്, സാലിമുൽ ഫല്ലാഹാത്ത്, സുഡാനിലെ ആഫ്രിക്കൻ യൂനിവേഴ്സിറ്റിയുടെ മുൻ തലവൻ ഡോ. അഹ്‌മദ് അബ്ദുർറഹീം, ലോക ഇസ്‌ലാമിസ്റ്റ് പാർലമെന്റേറിയൻ കൂട്ടായ്മയുടെ സെക്രട്ടറി അബ്ദുൽ മജീദ് മുനാസ്വറ, മലേഷ്യൻ ഇസ്‌ലാമി പാർട്ടിയുടെ നേതാവ് അബ്ദുൽ ഹാദി അവാങ്, ഡന്മാർക്കിലെ ഇസ്‌ലാമിക് ലീഗിന്റെ അധ്യക്ഷൻ ഫുആദുൽ ബറാസി തുടങ്ങി മുപ്പതോളം നേതാക്കളും ചിന്തകന്മാരുമാണ് സമ്മേളനത്തിൽ പങ്കാളികളായത്.

സ്ഫോടനപരമ്പരകൾ നടന്നുകൊണ്ടിരുന്ന സന്ദർഭമായതിനാൽ സമ്മേളനം നീട്ടിവെക്കേണ്ടിവരുമോ എന്ന ആശങ്ക ഉയർന്നെങ്കിലും, നേതാക്കളുടെയും പ്രവർത്തകരുടെയും ഇഛാശക്തി സമ്മേളനത്തെ അവിസ്മരണീയമാക്കി. രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽനിന്ന് നാല് ലക്ഷത്തോളം പേരാണ് സമ്മേളനത്തിൽ എത്തിയത്. ഇവരിൽ അര ലക്ഷം സ്ത്രീകളായിരുന്നു. മൂന്ന് ദിവസത്തേക്ക് കഴിയാൻ വേണ്ട ഭക്ഷണവും അത്യാവശ്യ സാധനസാമഗ്രികളുമായാണ് പ്രവർത്തകരും അനുഭാവികളും എത്തിയത്. തങ്ങളുടെ നാൽപതു ദിവസം പൂർണമായി ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്കായി നീക്കിവെക്കുമെന്ന് പിരിഞ്ഞുപോകുമ്പോൾ അവർ പ്രതിജ്ഞ ചെയ്തു.

ലാഹോറിൽ പാക് ജമാഅത്തിന്റെ ആസ്ഥാനം നിലകൊള്ളുന്ന മൻസ്വൂറ തെരുവിന്റെ മാതൃകയിൽ ഇസ്‌ലാമാബാദിൽ ഒരു കൊർദോവ തെരുവ് പണിയാൻ ജമാഅത്തിന് ഉദ്ദേശ്യമുണ്ടെന്ന് പാക് ജമാഅത്ത് അമീർ ഖാദി ഹുസൈൻ അഹ്‌മദ് അറിയിച്ചു.

അമേരിക്കൻ ഇടപെടലും ഭരണകൂടത്തിന്റെ അമേരിക്കൻ വിധേയത്വവുമാണ് സമ്മേളനത്തിൽ കാര്യമായും ചർച്ച ചെയ്യപ്പെട്ടത്. ഗോത്ര മേഖലയിൽ അമേരിക്കൻ സൈന്യം കടന്നുകയറുക മാത്രമല്ല, ആ മേഖലയെ പാകിസ്താനിൽനിന്ന് അടർത്തിമാറ്റാൻ പാക് സൈന്യം ഗൂഢാലോചന നടത്തുകയാണെന്നും ഖാദി ഹുസൈൻ ആരോപിച്ചു. ചില്ലറ മാറ്റങ്ങൾ വരുത്തി ഇന്ന് നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കാനാവില്ലെന്നും സമൂലമായ ഭരണഘടനാ പരിഷ്കാരമാണ് അതിനുള്ള പോംവഴിയെന്നും പാക് ജമാഅത്തിന്റെ അസി. അമീർ പ്രഫ. ഖുർശിദ് അഹ്‌മദ് അഭിപ്രായപ്പെട്ടു.

ട്രെയിൻ ജാഥകളായിരുന്നു സമ്മേളന പ്രചാരണ പരിപാടികളിൽ പുതുമയുള്ള ഇനം. ■



*റോബർട്ട് എം. കിമ്മിറ്റ്*

# 'അമേരിക്ക ഇസ്‌ലാമിക് ബാങ്കിംഗിനെക്കുറിച്ച് പഠിക്കുന്നു'

"**ആഗോള** സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഇസ്‌ലാമിക ബാങ്കിംഗിന് എന്തു ചെയ്യാനാവുമെന്ന് അമേരിക്കൻ ഗവൺമെന്റ് പഠിച്ചുകൊണ്ടിരിക്കുകയാണ്"- അമേരിക്കൻ ധനകാര്യ അസി. സെക്രട്ടറി റോബർട്ട് എം. കിമ്മിറ്റിന്റേതാണ് ഈ വാക്കുകൾ. രിയാദിലെ അമേരിക്കൻ എംബസിയിൽ സംഘടിപ്പിച്ച പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നവംബർ 15-ന് വാഷിംഗ്ടണിൽ നടക്കുന്ന ജി-20 ഉച്ചകോടിയുടെ അജണ്ടയിൽ ഇസ്‌ലാമിക് ബാങ്കിംഗിനെക്കുറിച്ച് പ്രത്യേക ചർച്ച നടക്കുമോ എന്ന് തനിക്കറിയില്ലെന്നും അദ്ദേഹം പറഞ്ഞു. "ജി-20ൽ ഇന്തോനേഷ്യ, തുർക്കി, സുഊദി അറേബ്യ തുടങ്ങിയ മുസ്‌ലിം രാജ്യങ്ങളും ഉൾപ്പെടുന്നുണ്ട്. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ആ രാജ്യങ്ങളുടെ പ്രതിനിധികൾക്ക് തങ്ങളുടെ ഇസ്‌ലാമിക ബാങ്കിംഗ് അനുഭവങ്ങൾ സമർപ്പിക്കാവുന്നതാണ്."

ഇത്തവണത്തെ ജി-20 ഉച്ചകോടി പതിവുപോലെ ഒരു വഴിപാട് ആയിരിക്കില്ലെന്നാണ് കരുതപ്പെടുന്നത്. പ്രതിസന്ധി മറികടക്കാനുള്ള നിരവധി പോംവഴികൾ അവിടെ സമർപ്പിക്കപ്പെട്ടേക്കാം. ഇസ്‌ലാമിക സമ്പദ്ഘടനയെ ബദൽവ്യവസ്ഥയായി ഉയർത്തിക്കാട്ടാനുള്ള അവസരമാണ് മുസ്‌ലിം രാഷ്ട്ര പ്രതിനിധികൾക്ക് ലഭിച്ചിരിക്കുന്നത്. ■

മുദ്രകൾ

# ഭീതിയുടെയും പ്രത്യാശയുടെയും കവിതകൾ

**പത്രപ്രവർത്തക** ഐഷാ ഖാൻ ഒരു *മുശാഇറ*യിൽ പങ്കെടുക്കുകയായിരുന്നു. 2002 ഗുജറാത്ത് വംശഹത്യ കഴിഞ്ഞ് അപ്പോഴേക്ക് രണ്ടു വർഷം പൂർത്തിയായിരുന്നു. രണ്ടു കവികൾ വംശഹത്യയെക്കുറിച്ച് കവിത ചൊല്ലാൻ തുടങ്ങിയപ്പോൾ മറ്റുള്ളവർ അവരെ ചൊല്ലാൻ അനുവദിക്കാതെ അടക്കി ഇരുത്തുന്നത് ഐഷയുടെ ശ്രദ്ധയിൽ പെട്ടു. എന്തിനാണവർ കവികളെ നിശ്ശബ്ദരാക്കിയത്? സമൂഹത്തിൽ വ്യാപകമായി നിലനിൽക്കുന്ന ഈ ഭീതിയാണ്, ഗുജറാത്ത് കലാപത്തെക്കുറിച്ച് എഴുതപ്പെട്ട കവിതകൾ സമാഹരിക്കാൻ ഐഷക്ക് പ്രചോദനമായത്. തന്റേത് ഉൾപ്പെടെ 40 കവിതകൾ ഉൾപ്പെടുത്തി അവർ ഒരു കവിതാ സമാഹാരം കഴിഞ്ഞ മാസം പുറത്തിറക്കുകയുണ്ടായി. *ചിതറിയ ശബ്ദങ്ങൾ* (Scattered Voices) എന്നാണ് പേര്. ഇതിന്റെ ഹിന്ദി പതിപ്പും പുറത്തിറങ്ങിയിട്ടുണ്ട്. Books for Change ആണ് പ്രസാധകർ.

കലാപത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ ഇരകളായിത്തീർന്ന ഗുജറാത്തി മുസ്‌ലിംകളാണ് എല്ലാ കവികളും. അവരിൽ അംഗീകൃത കവികളോടൊപ്പം ഓട്ടോറിക്ഷാ ഡ്രൈവർ, കശാപ്പുകാരൻ പോലുള്ള സാധാരണക്കാരും ഉണ്ട്.

കവിതകളിൽ ദുഃഖം തളംകെട്ടി നിൽക്കുന്നു. പക്ഷേ അവയൊന്നും പ്രതികാരചിന്ത ഉണർത്തുന്നവയല്ല. പൊതുവെ കവിതകൾ അവസാനിക്കുന്നത് ശുഭപ്രതീക്ഷയോടെയാണ്.

*ചിതറിയ ശബ്ദങ്ങളിൽ* ഉൾപ്പെടുത്തിയ മുസാഫിർ പലാൻപൂരിയുടെ കവിത കാണുക:

*ഇക്കൊല്ലം ഒരു പൂക്കുടന്നയും സുരക്ഷിതമല്ല*
*ഇക്കൊല്ലം കാറ്റിന് വരെ കൂർത്ത നഖങ്ങളുണ്ട്*

*എന്തെങ്കിലുമൊക്കെ പറയൂ, സുഹൃത്തുക്കളേ*
*എന്തെങ്കിലുമൊക്കെ എഴുതൂ, സുഹൃത്തുക്കളേ*

*എന്തിനാണ് ഹൃദയം നിരാശപ്പെടുന്നത്?*
*വെല്ലുവിളികളുടെ മറ്റൊരു പേരല്ലേ ജീവിതം*

*മാതാവേ! വളകൾ തകർന്നും ഗർഭപാത്രം*
*ശൂന്യമാക്കപ്പെട്ടും ഇരിക്കുന്നു*
*എന്റെ വീട് ചാരമായി മാറിയിരിക്കുന്നു*
*പൊട്ടിത്തകർന്നിരിക്കുന്നു ഞാൻ*

*ഭൂമി മാതാവേ! നീ എന്താണ് മിണ്ടാത്തത്?*
*നീയൊരമ്മ*
*ഞാനുമൊരു അമ്മ*

ഇംഗ്ലീഷ് സമാഹാരത്തിന് 120 രൂപയാണ് വില. ഹിന്ദിയിലുള്ളതിന് നൂറു രൂപയും. ഗുജറാത്തി ഭാഷയിലും ഈ കവിതകൾ പ്രസിദ്ധീകരിക്കാൻ *ഇന്ത്യൻ എക്സ്പ്രസിൽ* ജോലി നോക്കുന്ന ഐഷക്ക് ആഗ്രഹമുണ്ട്. ■

# എ.യു.ഡി.എഫ് എട്ട് ലോക്സഭാ മണ്ഡലങ്ങളിൽ മത്സരിക്കും

**മൗലാനാ** ബദ്റുദ്ദീൻ അജ്മൽ നേതൃത്വം നൽകുന്ന ആസാം യുണൈറ്റഡ് ഡമോക്രാറ്റിക് ഫ്രന്റ് (എ.യു.ഡി.എഫ്) വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ എട്ട് മണ്ഡലങ്ങളിൽ മത്സരിക്കും. ആസാമിൽ മൊത്തം പതിനാല് ലോക്സഭാ മണ്ഡലങ്ങളാണുള്ളത്. ചുരുങ്ങിയത് അഞ്ച് സീറ്റിലെങ്കിലും പാർട്ടിക്ക് വിജയസാധ്യതയുണ്ടെന്ന് എ.യു.ഡി.എഫ് വൃത്തങ്ങൾ അറിയിച്ചു.


ഒരു എ.യു.ഡി.എഫ് റാലി

"ചില സീറ്റുകളിൽ സ്ഥാനാർഥികളെ നിർണയിച്ചുകഴിഞ്ഞു. മറ്റു സീറ്റുകളിൽ ഷോർട്ട് ലിസ്റ്റ് തയാറാക്കിയിട്ടുണ്ട്"- എ.യു.ഡി.എഫ് ജനറൽ സെക്രട്ടറി ഡോ. ബഹ്റുൽ ഇസ്‌ലാം പറഞ്ഞു. സിൽച്ചാർ മണ്ഡലത്തിൽനിന്നാണ് ബദ്റുദ്ദീൻ അജ്മൽ മത്സരിക്കുക. മണ്ഡലത്തെ ഏഴു തവണ പ്രതിനിധീകരിച്ച കേന്ദ്രമന്ത്രി സന്തോഷ് മോഹൻദേവ് ആയിരിക്കും അദ്ദേഹത്തിന്റെ എതിരാളി. അജ്മൽ ഇപ്പോൾ സൽമറ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ ആണ്.

ധുബ്റി, ബാർപേട്ട, സിൽച്ചാർ, കരീംഗഞ്ച്, നാഗോൺ, കലിബോർ, തേസ്പൂർ, മംഗൾഡോയി എന്നീ ലോക്സഭാ മണ്ഡലങ്ങളിലാണ് എ.യു.ഡി.എഫ് മത്സരിക്കുക. തൃണമൂൽ കോൺഗ്രസ്, സമാജ്‌വാദി പാർട്ടി, നാഷനലിസ്റ്റ് കോൺഗ്രസ് എന്നീ പാർട്ടികളെ ചേർത്ത് ഒരു മൂന്നാം മുന്നണിയുണ്ടാക്കാനാണ് അവരുടെ ശ്രമം. ഈ പാർട്ടികൾക്കൊന്നും സംസ്ഥാനത്ത് കാര്യമായ സ്വാധീനമില്ലെന്നത് എ.യു.ഡി.എഫിനെ കുഴക്കുന്നു.

ഗോത്ര വർഗക്കാർക്ക് എസ്.ടി പദവി നൽകണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ വർഷം ആൾ ആസാം ആദിവാസി സ്റ്റുഡന്റ്സ് അസോസിയേഷൻ നടത്തിയ പ്രതിഷേധ പ്രകടനത്തിനിടെ, എതിരാളികൾ വസ്ത്രമുരിഞ്ഞ് അപമാനിച്ച ലക്ഷ്മി ഒറാവൻ എന്ന ആദിവാസി പെൺകുട്ടിയും അവളുടെ കുടുംബവും എ.യു.ഡി.എഫിൽ ചേർന്നത് വലിയ പ്രതീക്ഷ വളർത്തിയിട്ടുണ്ട്. ഇത് പാർട്ടിയുടെ ജനസ്വീകാര്യത വർധിപ്പിച്ചേക്കും.

2006-ലെ നിയമസഭാ തെരഞ്ഞെടുപ്പിന് ആഴ്ചകൾക്ക് മുമ്പ് മാത്രം പിറവിയെടുത്ത എ.യു.ഡി.എഫ് പത്ത് അസംബ്ലി സീറ്റുകൾ പിടിച്ചെടുത്തുകൊണ്ട് മുഖ്യധാരാ കക്ഷികളെ അമ്പരപ്പിക്കുകയുണ്ടായി. പിന്നാക്ക, ദലിത്, ആദിവാസി സഖ്യമാണ് എ.യു.ഡി.എഫ് ലക്ഷ്യമിടുന്നത്. സലിമുദ്ദീൻ ബർബൂയിയ, ഹാഫിസ് ബഷീർ അഹ്മദ്, അതാഉർറഹ്മാൻ, സിറാജുദ്ദീൻ അജ്മൽ, അൻവർ ഹഖ്, ഡോ. ആദിത്യ ലങ്താസ, ഗുണേശ്വർ ദാസ്, മുബാറക് അലി പത്താൻ, ബദ്റുദ്ദീൻ, റസൂൽ ഹഖ് എന്നിവരാണ് പാർട്ടിയുടെ നിലവിലെ എം.എൽ.എമാർ. ■

മുദ്രകൾ

# പലിശരഹിത ബാങ്കിംഗ് വേണമെന്ന് രഘുറാം രാജൻ കമീഷൻ



അബ്ദുർറഖീബ്

**ഇന്ത്യയിൽ** വരുത്തേണ്ട സാമ്പത്തിക ഘടനാ പരിഷ്കാരങ്ങളെക്കുറിച്ച് പഠിക്കാൻ നിയുക്തമായ ഉന്നതതല സമിതി (കമീഷൻ ഓൺ ഫിനാൻഷ്യൽ സെക്ടർ റിഫോം) അതിന്റെ അന്തിമ റിപ്പോർട്ട് പ്ലാനിംഗ് കമീഷൻ ചെയർമാൻ കൂടിയായ പ്രധാനമന്ത്രിക്ക് സമർപ്പിച്ചു. ഐ.എം.എഫിന്റെ മുൻ മുഖ്യ ഉപദേഷ്ടാവ് രഘുറാം രാജനായിരുന്നു ഉന്നതതല സമിതി ചെയർമാൻ. ഇസ്‌ലാമിക് ബാങ്കിംഗിന്റെ ചില വശങ്ങൾ കമ്മിറ്റി കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയെങ്കിലും, അന്തിമ റിപ്പോർട്ടിൽ 'ചില വിശ്വാസി സമൂഹങ്ങൾക്ക് പലിശരഹിത ബാങ്കിംഗ്' എന്നാക്കി അതിനെ ചുരുക്കുകയായിരുന്നു. അന്തിമ റിപ്പോർട്ട് വെബ് സൈറ്റിൽ ലഭ്യമാണ്. റിപ്പോർട്ട് വായിച്ച് ആർക്കും തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താം. അതുകൂടി പരിഗണിച്ചായിരിക്കും ഗവൺമെന്റ് തീരുമാനങ്ങൾ.

നേരത്തേ ഇസ്‌ലാമിക് ബാങ്കിംഗിനു വേണ്ടി വിവിധ സംഘടനകളും വ്യക്തികളും കമീഷൻ മുമ്പാകെ ശക്തമായി വാദിച്ചിരുന്നു. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ കൂടിയാലോചനാ സമിതിയംഗവും ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫൈനാൻസി (ഐ.സി.ഐ.എഫ്)ന്റെ കൺവീനറുമായ എച്ച്. അബ്ദുർറഖീബ് ഹൈദരാബാദിൽ വെച്ച് കമീഷൻ ചെയർമാൻ രഘുറാം രാജനെ കാണുകയും ഇസ്‌ലാമിക് ബാങ്കിംഗിനെക്കുറിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇന്ത്യൻ നാഷനൽ അബ്രോഡ് പോലുള്ള പ്രവാസി സംഘടനകളും ദോഹാ ബാങ്കിന്റെ മാനേജർ ആർ. സീതാരാമനെപ്പോലുള്ള സാമ്പത്തിക വിദഗ്ധരും ശരീഅത്ത് ആധാരമാക്കിയുള്ള ഒരു സമ്പദ്ഘടനയുടെ ആവശ്യകത കമീഷനെ അറിയിച്ചു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ എ. ഹസീബ്, പരമ്പരാഗത ബാങ്കുകൾക്ക് സമാന്തരമായി തന്നെ ഇസ്‌ലാമിക ബാങ്കുകളും പ്രവർത്തിപ്പിക്കാമെന്നാണ് കമീഷൻ മുമ്പാകെ അഭിപ്രായപ്പെട്ടത്. ■

# സിറിയയെ ആക്രമിച്ചത് ഇറാനെ ഭീഷണിപ്പെടുത്താൻ

**അമേരിക്കൻ** സമ്പദ്ഘടനയിലെ വൻമരങ്ങൾ കടപുഴകി വീഴുന്ന ശബ്ദകോലാഹലങ്ങൾക്കിടയിൽ അമേരിക്ക സിറിയൻ അതിർത്തി കടന്ന് നടത്തിയ ഹെലികോപ്റ്റർ ആക്രമണത്തിന് വേണ്ടത്ര മീഡിയാ ശ്രദ്ധ കിട്ടിയില്ല. ഇറാഖ് അതിർത്തിയിൽനിന്ന് എട്ടു കിലോമീറ്റർ അകലെയുള്ള ബൂകമാൽ എന്ന സിറിയൻ മേഖലയിലാണ് നാല് അമേരിക്കൻ ഹെലികോപ്റ്ററുകൾ ആക്രമണം നടത്തിയത്. ഒരു സംഘം അമേരിക്കൻ സൈനികർ ഹെലികോപ്റ്ററിൽ വന്നിറങ്ങി ഒരു കെട്ടിടത്തിന് നേരെ വെടിയുതിർക്കുകയായിരുന്നു. കെട്ടിടത്തിന്റെ അകത്തുണ്ടായിരുന്ന ജോലിക്കാരും കാവൽക്കാരനും ഉൾപ്പെടെ എട്ടു പേർ മരിച്ചു. യാതൊരു പ്രത്യാക്രമണവും നേരിടാതെ അമേരിക്കൻ ഹെലികോപ്റ്ററുകൾ ഇറാഖിലെ താവളത്തിൽ തിരിച്ചിറങ്ങുകയും ചെയ്തു.



ഇറാഖിലേക്ക് സായുധ പോരാളികളെ അയക്കുന്ന അബൂഗാദിയ എന്നൊരാളുടെ താവളമാണ് തങ്ങൾ തകർത്തതെന്നാണ് അമേരിക്കൻ വിശദീകരണം. ഇത് മുഖവിലക്കെടുക്കാൻ ആവില്ലെന്നാണ് രാഷ്ട്രീയ നിരീക്ഷകർ പറയുന്നത്. കാരണം, ഈയിടെ ഒരു അമേരിക്കൻ ജനറൽ തന്നെ സമ്മതിച്ചതുപോലെ, സിറിയയിൽനിന്ന് ഇറാഖിലേക്കുള്ള നുഴഞ്ഞുകയറ്റം മാസത്തിൽ 20 പേർ എന്ന അനുപാതത്തിൽ കുറഞ്ഞിട്ടുണ്ട്. മുമ്പ് അത് മാസത്തിൽ 120 എന്ന അനുപാതത്തിലായിരുന്നു. അപ്പോൾ നുഴഞ്ഞുകയറ്റമല്ല പ്രശ്നം എന്ന് വ്യക്തം. ഇത് ഇറാനുള്ള വ്യംഗ്യമായ താക്കീതാണ് എന്ന് അറബി കോളമിസ്റ്റ് ഫഹ്മീ ഹുവൈദി (ഖത്തറിലെ *അശ്ശർഖ്* ദിനപത്രം, 2008 നവംബർ 4) നിരീക്ഷിക്കുന്നു. ഇറാനിൽനിന്നും നുഴഞ്ഞുകയറുന്നുണ്ടെന്നും ഇറാനെയും ആക്രമിക്കാമെന്നും സൂചന.

സകലവിധ അന്താരാഷ്ട്ര മര്യാദകളും കാറ്റിൽ പറത്തിയ ഈ ആക്രമണത്തെ വെറുതെയൊന്ന് അപലപിക്കാൻ പോലും പല അറബ് തലസ്ഥാനങ്ങളും മടിച്ചു. ലബനാൻ മാത്രമാണ് ശക്തമായി പ്രതികരിച്ചത്. സുഊദി അറേബ്യ മൗനം പാലിച്ചത് രാഷ്ട്രീയ വൃത്തങ്ങളെ അമ്പരപ്പിച്ചിട്ടുണ്ട്. ദമസ്കസിൽനടന്ന അറബ് ഉച്ചകോടി ബഹിഷ്കരിച്ചതിന്റെ ബാക്കിപത്രമായി അവർ ഈ മൗനത്തെ വിലയിരുത്തുന്നു. ■